# പതിമൂന്നാം കേരള നിയമ സഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 612 — 09-02-2016-ൽ മറുപടിക്ക്

## ഐ.ടി.മേഖലയിലെ പദ്ധതികൾ

**ചോദ്യം**
ശ്രീ.കെ.വി. അബ്ദുൾ ഖാദർ

**മറുപടി**
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>ഐ.ടി മേഖലയുടെ അഭിവൃദ്ധിക്കായി ഈ സർക്കാരിന്റെ കാലയളവിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;</td><td rowspan="3">(എ)<br>&<br>(ബി)<br>&<br>(സി)</td><td rowspan="3">ഈ സർക്കാരിന്റെ കാലയളവിൽ ഐ.ടി.മേഖലയുടെ അഭിവൃദ്ധിക്കായി പ്രഖ്യാപിച്ച പദ്ധതികളിൽ സാങ്കേതിക അനുമതി തടസ്സങ്ങൾ ഇല്ലാത്ത പദ്ധതികൾ എല്ലാം തന്നെ നടപ്പാക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും പദ്ധതികൾക്കായി ബജറ്റിൽ നീക്കി വച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>2011-12 - 173.39 കോടി രൂപ<br>2012-13 - 219.76 കോടി രൂപ<br>2013-14 - 232.58 കോടി രൂപ<br>2014-15 - 313.33 കോടി രൂപ<br>2015-16 - 374.57 കോടി രൂപ<br>പദ്ധതി പ്രവർത്തങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത മേഖലയിൽ ഓരോ വർഷവും നീക്കിവച്ച തുക എത്രയാണ് എന്നും ഇത് ലക്ഷ്യമിട്ട പദ്ധതികൾക്കായി വിനിയോഗിക്കുകയുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?</td></tr>
<tr><td>(സി)</td><td>ഈ സർക്കാരിന്റെ കാലയളവിൽ ഐ.ടി സാങ്കേതിക മേഖലയിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**